ധനകാര്യവും റവന്യൂവും വകുപ്പുമന്ത്രി (ശ്രീ. എ. ജെ. ജാൺ): ഇതിനെപ്പറ്റിയുള്ള റിപ്പോർട്ട് ഇതുവരെ കിട്ടിയിട്ടില്ല. റിപ്പോർട്ട് ചെയ്യുന്നതിനു് എല്ലാ ഡിസ്ട്രിക്ട് കലക്ടറന്മാർക്കും എഴുതി അയച്ചിട്ടുണ്ടു്.

ഉദ്യോഗസ്ഥന്മാരുടെ ശമ്പളം

*൩൪. (൪൦) സാഹിബ് ബഹദൂർ എ. കെ. കുഞ്ഞുമൊയ്തീൻ: താഴെപറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി പറയുമോ:—

(എ) ഉദ്യോഗസ്ഥന്മാർക്കു ശമ്പളം കൊടുക്കാൻ വൈകുന്നതിന്റെ കാരണം പറയാമോ;

(ബി) ആഗസ്റ്റിലെ ശമ്പളം ഏതൊക്കെ ഡിപ്പാർട്ടുമെൻറുകളിൽ സെപ്റ്റംബർ ൨൪-ാംനു-ക്കു മുമ്പേ കൊടുത്തുവെന്നും ഏതൊക്കെ ആഫീസുകളിൽ കൊടുത്തിട്ടില്ലെന്നും പറയുമോ;

(സി) അതിന്റെ കാരണമെന്തു്?

ധനകാര്യവും റവന്യൂവും വകുപ്പുമന്ത്രി (ശ്രീ. എ. ജെ. ജാൺ):

(എ) ഉദ്യോഗസ്ഥന്മാരുടെ ശമ്പളവിതരണത്തിൽ കാലതാമസം നേരിട്ടതായി ഗവൺമെണ്ടിനറിവില്ല.

(ബി) ഒരു ഖണ്ഡിതമായ ഉത്തരം നൽകണമെങ്കിൽ എല്ലാ ഡിപ്പാർട്ടുമെൻറ മേധാവികളുടേയും ഡിസ്ട്രിക്ട് ട്രഷറി ഉദ്യോഗസ്ഥന്മാരുടേയും സബ് ട്രഷറി ഉദ്യോഗസ്ഥന്മാരുടേയും റിപ്പോർട്ടുകൾ വരുത്തേണ്ടിയിരിക്കുന്നു.

(സി) ചോദ്യം ഉദിക്കുന്നില്ല.

ശ്രീ. സി. വി. ഇയ്യു: പോലീസ് ഡിപ്പാർട്ടുമെൻറിന്റെ സംയോജനം കഴിഞ്ഞതിനുശേഷം പോലീസ് ഉദ്യോഗസ്ഥന്മാരുടെ ശമ്പളം കൊടുക്കാൻ രണ്ടുമാസത്തിലധികം താമസിച്ചിട്ടുണ്ടെന്നു് ഗവൺമെണ്ടിനു് അറിവുണ്ടോ?

ശ്രീ. എ. ജെ. ജാൺ: റീ ആർഗനൈസേഷൻ സംബന്ധിച്ച നടപടികൾ പൂർത്തിയാക്കുന്നതിനുവേണ്ടി അങ്ങിനെ വേണ്ടിവന്നിരിക്കണം.

ശ്രീ. സി.വി.ഇയ്യു: ഇപ്പോൾ അവരുടെ ശമ്പളം കൊടുക്കാൻ തുടങ്ങിയിട്ടുണ്ടോ?

ശ്രീ. എ. ജെ. ജാൺ: ഉണ്ടു്.

ശ്രീ. വി. ശംഗാധരൻനായർ: എല്ലാ ഡിപ്പാർട്ടുമെൻറിലേയും കണ്ടിജൻസി ഉദ്യോഗസ്ഥന്മാരുടെ ശമ്പളം വളരെ താമസിച്ചേ കിട്ടുന്നുള്ളു എന്നു പരാതി കിട്ടിയിട്ടുണ്ടോ?

ശ്രീ. എ. ജെ. ജാൺ: ഇല്ല.

ശ്രീ. സി. വി. ഇയ്യു: പ്രമോഷനോസ്കലം മാറ്റമോ ഉണ്ടെങ്കിൽ ശമ്പളം കൊടുക്കാൻ അനാവശ്യമായി താമസിക്കുന്നു എന്നറിയാമോ?

ശ്രീ. എ. ജെ. ജാൺ: അനാവശ്യമായി താമസിക്കുന്നു എന്നറിഞ്ഞുകൂടാ.

ശ്രീ. സി. വി. ഇയ്യു: പലപ്പോഴും മൂന്നുമാസത്തിലധികം താമസമുണ്ടെന്നറിയാമോ?

ശ്രീ. എ. ജെ. ജാൺ: അങ്ങിനെ അറിവില്ല.

ശ്രീ. സി. വി. ഇയ്യു: അതേപ്പറ്റി അന്വേഷിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. ഇ. ജാൺ: അനേക്ഷിക്കേണ്ട ആവശ്യമുണ്ടെന്നു തോന്നുന്നില്ല.

പാസ്പോർട്ടുകൾ

*൬൫൭. (൪൨) സാഹിബ് ബഹദൂർ എ. കെ. കുഞ്ഞുമൊയ്തീൻ: താഴെപറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ചീഫ് മിനിസ്റ്റർ സദയം മറുപടി പറയുമോ:

(എ) ഇക്കഴിഞ്ഞ ഏപ്രിലിനുശേഷം പാസ്പോർട്ടുകൾക്ക് എത്ര അപേക്ഷകൾ കിട്ടി;

(ബി) അവയിൽ എത്ര പാസ്പോർട്ട് നൽകി;

(സി) മക്കായിലേക്ക് പോകേണ്ട എത്ര തീർത്ഥാടനക്കാരുടെ അപേക്ഷകൾ കിട്ടി;

(ഡി) പാസ്പോർട്ട് നൽകിയോ;

(ഇ) പാസ്പോർട്ട് നൽകാൻ നമ്മുടെ ഗവണ്മെണ്ടിനു അധികാരമില്ലെങ്കിൽ ആ വിവരം ഡിസ്ട്രിക്ട് മജിസ്ട്രേട്ടിനേയും കലക്ടരേയും കാലേക്കൂട്ടി അറിയിക്കാതിരിക്കാൻ കാരണമെന്ത്?

(എഫ്) അപേക്ഷകരുടെ ഫോട്ടോകളും ഫാറം ഉറപ്പിക സ്റ്റാമ്പുകളും തിരികെ കൊടുത്തോ?

ചീഫ് മിനിസ്റ്റർ (ശ്രീ. ടി. കെ. നാരായണപിള്ള): (എ) മേയ് മാസം ൫൰ാം തിയ്യതി മുതൽക്കാണ് പാസ്പോർട്ട് ഈ ഗവണ്മെണ്ടിൽനിന്നും കൊടുക്കാൻ തുടങ്ങിയതു്. മേയ് മാസം ൫—ാംന- മുതൽ സെപ്തംബർ ൩൰-ാംന-വരെ ഫാറം ൬ അപേക്ഷകൾ കിട്ടി.

(ബി) ഫാറം ൦ പാസ്പോർട്ടുകൾ നൽകിയിട്ടുണ്ട്.

(സി) ൩ അപേക്ഷകൾ കിട്ടി.

(ഡി) ഇല്ല.

(ഇ) കേന്ദ്രഗവണ്മെണ്ടുമായി ആലോചനയിൽ ഇരിക്കയാണ്.

(എഫ്) കൊടുത്തു.

PORAMBOKE LANDS AT ELANKUNNAPUZHA VILLAGE

*657. (42) **Sri. M. I. Paul:** Will the Hon'ble Minister for Revenue be pleased to state:

(*a*) whether the Government are aware that there is vast area of poramboke lands on the fore-shore in the Elankunnapuzha village.

(*b*) whether the Government intended to convert these lands as paddy fields if so how; and

(*c*) whether parties have approached the Government for getting these lands assigned to them, if so who are they?

Minister for Public Works, Communications and Agriculture (**Sri. E. John Philipose**): (*a*) Yes.

(*b*) Government have no such proposal at present.

(*c*) Representations, written and oral, have been made by several parties.

ശ്രീ. എം. ഐ. പോൾ: കൃഷിക്കു ഉപയുക്തമായിട്ടുള്ള ഈ ഭൂമികൾ കൈയ്യേക്കാമെന്നുള്ള ഇക്കാലത്തു വെറുതേ ഇട്ടിരിക്കുന്നതു് ശരിയാണോ?

Mr. Speaker: It is an argument.

ശ്രീ. എം. ഐ. പോൾ: മുമ്പത്തെ കൊച്ചി ചീഫ് മന്ത്രിയും കൈവ്യവകുപ്പുമന്ത്രിയുമായിരുന്ന ഇപ്പോഴത്തെ ഫുഡ് പ്രൊഡക്ഷൻ ബോർഡിന്റെ ചെയർമാൻ ആസ്ഥലത്തുപോയി കൃഷിക്കു ഉപയുക്തമായ ഭൂമിയാണ്. അതു് എന്നു മനസ്സിലാക്കിയതിനുശേഷവും അതു തരിശായി ഇട്ടിരിക്കുന്നതു ശരിയാണോ?

LIBRARY ARCHIVES Kerala Legislative Assembly